# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370

## വാർത്താക്കുറിപ്പ്

**2024 മെയ് 13**

---

## ടൈംസ് ഹയർ എജ്യുക്കേഷൻ ഏഷ്യൻ റാങ്കിംഗ്; എം.ജി. സർവകലാശാല രാജ്യത്ത് മൂന്നാമത്

ബ്രിട്ടനിലെ ടൈംസ് ഹയർ എജ്യുക്കേഷൻറെ ഈ വർഷത്തെ ഏഷ്യാ യൂണിവേഴ്സിറ്റി റാങ്കിംഗിൽ മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് ഇന്ത്യയിൽ മൂന്നാം സ്ഥാനം. ബംഗലുരൂവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസും തമിഴ്നാട്ടിലെ അണ്ണാ സർവകലാശാലയുമാണ് യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങളിൽ. കഴിഞ്ഞ വർഷത്തെ റാങ്കിംഗിൽ മഹാത്മാ ഗാന്ധി സർവകലാശാല നാലാം സ്ഥാനത്തായിരുന്നു.

എഷ്യൻ രാജ്യങ്ങളിലെ സർവകലാശാലകളുടെ പട്ടികയിൽ ചൈനയിലെ സിൻഗുവ, പീകിംഗ് സർവകലാശാലകൾ തുടർച്ചയായി അഞ്ചാം തവണയും യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങൾ നിലനിർത്തി. ഈ പട്ടികയിൽ എം.ജി. സർവകലാശാല 134-ാം സ്ഥാനത്താണ്. എം.ജി ഉൾപ്പെടെ അഞ്ച് ഇന്ത്യൻ സർവകലാശാലകളാണ് ഏഷ്യൻ റാങ്കിംഗിൽ ആദ്യ 150ൽ ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ കേരളത്തിൽനിന്നുള്ള ഏക സർവകലാശാലയും എം.ജിയാണ്.

അധ്യാപനം, ഗവേഷണം, വിജ്ഞാന കൈമാറ്റം, രാജ്യാന്തര വീക്ഷണം, തുടങ്ങി 18 സൂചകങ്ങൾ വിലയിരുത്തിയാണ് റാങ്കിംഗ് നിർണയിച്ചത്. വിവിധ രാജ്യങ്ങളിൽനിന്നുള്ള 739 സർവകലാശാലകളാണ് ഈ വർഷത്തെ റാങ്ക് പട്ടികയിലുള്ളത്.

നാഷണൽ അസസ്മെൻറ് ആൻറ് അക്രഡിറ്റേഷൻ കൗൺസിലിൻറെ(നാക്) നാലാം ഘട്ട റീ അക്രഡിറ്റേഷനിൽ എ ഡബിൾ പ്ലസ് ഗ്രേഡ് ലഭിച്ചതിനു പിന്നാലെ ഏഷ്യൻ റാങ്കിംഗിൽ രാജ്യത്ത് മൂന്നാം സ്ഥാനം നേടാൻ കഴിഞ്ഞത് അഭിമാനകരമാണെന്ന് വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ പറഞ്ഞു. പഠനം, ഗവേഷണം, സംരംഭകത്വ വികസനം, വിദേശ സർവകലാശാലകളും വ്യവസായ സ്ഥാപനങ്ങളുമായുള്ള സഹകരണം തുടങ്ങിയ മേഖലകളിൽ കാലോചിതമായി മൂന്നേറാൻ സർവകലാശാലയ്ക്ക് സാധിച്ചിട്ടുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

**(പി.ആർ.ഒ/39/353/2024)**

## സിവിൽ സർവീസ് പരീക്ഷാ പരിശീലനം; 25 വരെ അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ ജൂണിൽ ആരംഭിക്കുന്ന സിവിൽ സർവീസ് പരീക്ഷാ പരിശീലന ബാച്ചുകളിലേയ്ക്ക് മെയ് 25 വരെ അപേക്ഷ സമർപ്പിക്കാം. ഫോൺ-9188374553

**(പി.ആർ.ഒ/39/354/2024)**

## പരീക്ഷാ തീയതി

രണ്ടാം സെമസ്റ്റർ ബിഎച്ച്എം(2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020,2021,2022 അഡ്മിഷൻ സപ്ലിമെൻററി - പുതിയ സ്കീം) പരീക്ഷകൾ മെയ് 21ന് ആരംഭിക്കും.

നാളെ(മെയ് 15) വരെ ഫീസ് അടച്ച് അപേക്ഷിക്കാം. മെയ് 16ന് ഫൈനോടു കൂടിയും മെയ് 17ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.

**(പി.ആർ.ഒ/39/355/2024)**

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

മൂന്ന്, നാല് സെമസ്റ്ററുകൾ എംഎ, എംഎസ്സി, എംകോം(സിഎസ്എസ് - പ്രൈവറ്റ് രജിസ്ട്രേഷൻ - 2022 അഡ്മിഷൻ റഗുലർ, 2019,2020,2021 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷകൾക്ക് മെയ് 22 വരെ ഫീസ് അടച്ച് അപേക്ഷിക്കാം.

മെയ് 24 വരെ ഫൈനോടു കൂടിയും മെയ് 25ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.

**(പി.ആർ.ഒ/39/356/2024)**

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ ഇൻറഗ്രേറ്റഡ് എം.എസ്.സി ഇൻ ബേസിക് സയൻസ് - സ്റ്റാറ്റിസ്റ്റിക്സ് - 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറും സപ്ലിമെൻററിയും - മാർച്ച് 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ ഏഴിന് മാല്യങ്കര എസ്എൻഎം കോളജിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

**(പി.ആർ.ഒ/39/357/2024)**

## പരീക്ഷാ ഫലം

മൂന്നാം സെമസ്റ്റർ എംഎ മലയാളം പിജിസിഎസ്എസ്(2022 അഡ്മിഷൻ റഗുലർ, 2019,2020,2021 അഡ്മിഷൻ സപ്ലിമെൻററി - നവംബർ 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് മെയ് 24 വരെ ഓൺലൈനിൽ സമർപ്പിക്കാം.

........................................

സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ് മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.ടെക്ക് എനർജി സയൻസ് ആൻറ് ടെക്നോളജി (ഫാക്കൽറ്റി ഓഫ് ടെക്നോളജി ആൻറ് അപ്ലൈഡ് സയൻസസ് - 2022-24 ബാച്ച് റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് മെയ് 25 വരെ സ്കൂൾ ഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

**(പി.ആർ.ഒ/39/358/2024)**

**പബ്ലിക് റിലേഷൻസ് ഓഫീസർ**